**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 386

24.06.2019 ലെ മറുപടിയ്ക്ക്.

## <u>പട്ടികജാതിക്കാർക്കുള്ള ഭവന പദ്ധതികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ,**<br>**ശ്രീ. ബി. സത്യൻ,**<br>**ശ്രീ പുരുഷൻ കടലുണ്ടി,**<br>**ശ്രീ മുരളി പെരുനെല്ലി** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചുവടെ പറയുന്ന പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.<br>**1. വാത്സല്യനിധി**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ 01/04/17 മുതൽ ജനിച്ച പെൺകുട്ടികൾക്കായി സംസ്ഥാന സർക്കാർ വാത്സല്യനിധി പദ്ധതി നടപ്പാക്കുന്നു. പട്ടികജാതി വികസന വകുപ്പും LIC of India യും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം വകുപ്പ് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളായി പെൺകുട്ടിയുടെ പേരിൽ LIC യിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ്സ് തികയുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ (Assured Amount) നൽകുന്നു. രക്ഷിതാക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. 9 മുതൽ 12 ക്ലാസുവരെ സ്റ്റൈപൻഡ് ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.<br>**2. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ**<br>പട്ടികജാതി വിഭാഗത്തിലെ വനിതാ ജീവനക്കാർക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലും മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ ആരംഭിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് പേരൂർക്കടയിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആസ്ഥാനത്ത് വർക്കിംഗ് വിമൺസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് 5.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം KEL ന്റെ |

നേതൃത്വത്തിൽ 70% നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**3. അംബേദ്കർ ഗ്രാമം പദ്ധതി**

ഓരോ നിയോജക മണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമായുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും 1,00,00,000/- രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് നിന്നും 373 കോളനികളെ തെരെഞ്ഞെടുക്കുകയും 165 കോളനികളിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**4. നഴ്സിംഗ് അപ്രന്റിസ്ഷിപ്പ് സ്കീം**

ജനറൽ നഴ്സിംഗ്, ബി.എസ്.സി നഴ്സിംഗ് പാസായ സംസ്ഥാനത്തെ പട്ടികജാതി യുവതി യുവാക്കളെ താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും ജില്ലാ ജനറൽ ആശുപത്രികളിൽ 3 പേർ വീതവും മൊത്തം 134 പേർക്ക് കരാർ അടിസ്ഥാനത്തിൽ നഴ്സായി നിയമനം നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രതിമാസം 15,000/- രൂപ നിരക്കിൽ രണ്ടു വർഷത്തേക്ക് ഓണറേറിയം അനുവദിക്കുകയും ചെയ്തു.

**5. പഠനമുറി പദ്ധതി**

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ ധനസഹായം 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി നൽകുന്നു. പദ്ധതിയുടെ വരുമാന പരിധി 1,00,000/- രൂപയാണ്. പദ്ധതിപ്രകാരം 800 ചതുരശ്ര ആടി വലിപ്പമുള്ള വീടുകളെയാണ് പഠനമുറി നിർമ്മാണ ധനസഹായത്തിനായി പരിഗണിക്കുന്നത്. പദ്ധതി പ്രകാരം നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ മുറി നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റും ഫാനും

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുമാണ് ധനസഹായം നൽകുന്നത്. ടി പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠനമുറികളും 2018-19 വർഷം 5000 പഠനമുറികളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2017-18 വർഷം അനുവദിച്ചതിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ചതിൽ 495 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2017-18 വർഷം 56,53,11,250/- രൂപയും 2018-19 വർഷം 1,20,50,10,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: വിശദമാക്കാമോ: | (ബി) | 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും പുതുതായി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016-17 വർഷം അനുവദിച്ച വീടുകളിൽ 11181 വീടുകളും 2017-18 വർഷം അനുവദിച്ച വീടുകളിൽ 5664 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ, 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന 245 പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമാണ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നത്. 7467 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിച്ചു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 വർഷം മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് സ്പിൽ ഓവറായി നിലവിലെ ധനസഹായ തുകയ്ക്ക് ആനുപാതികമായ നിരക്കിൽ തുക നൽകി വരുന്നു. ഇതിനു പുറമേ 2007-08 മുതൽ 2013-14 വർഷം വരെ തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ രണ്ട് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ ഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക അധിക ധനസഹായമായി നൽകി വരുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം 2007-08 മുതൽ 2015-16 വരെയുള്ള സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനായി വർദ്ധിപ്പിച്ച നിരക്കിൽ തുക |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവും കൈപ്പറ്റിയ തുക മൂന്ന് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ കണക്കാക്കി പ്രസ്തുത ശതമാനം 4 ലക്ഷം രൂപയിൽ നിന്ന് കുറവ് ചെയ്ത് ബാക്കി തുക നൽകുന്നു. ആയത് പ്രകാരം ലൈഫ് മിഷൻ സ്പിൽ ഓവർ വീടുകളുടെ പട്ടികയിൽ ഉൾപ്പെട്ട 4072 വീടുകളിൽ 3718 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | വകുപ്പ് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ നടത്തിപ്പിനായുള്ള 2225-01-283-89 ഭവനരഹിതർക്ക് ഭവനം (പി) എന്ന ശീർഷകത്തിൽ നടപ്പുവർഷം 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി ലൈഫ് മിഷന് 400 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ